# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം
## (ഹാജർ:രാജീവ് ജി)

നമ്പർ: ബി4/3177/1994 — തീയതി: 24-07-2018

വിഷയം: വ്യവസായം- ഡി.പി പുവൻതുരുത്ത് - മെ. നൈസ് റബ്ബർ ഇൻഡസ്ട്രീസ് ഘടനാമാറ്റം അംഗീകരിച്ച് സ്ഥലം റീഅലോട്ട് ചെയ്ത് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന:
1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.
2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.
3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013
4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.
5) ഈ ഓഫീസിലെ 19-04-94- ലെ ബി1/3177/94-ാം നമ്പർ നടപടിക്രമം.
6) ഈ ഓഫീസിലെ 20-04-16- ലെ ഇതേ നമ്പർ നടപടിക്രമം.
7) ഈ ഓഫീസിലെ 31-10-16- ലെ ഇതേ നമ്പർ നടപടിക്രമം.
8) ഈ ഓഫീസിലെ 24-04-17- ലെ ഇതേ നമ്പർ നടപടിക്രമം.
9) മാനേജിംഗ് പാർട്ട്ണർ, മെ. നൈസ് റബ്ബർ ഇൻഡസ്ട്രീസിന്റെ 02-11-17 ലെ അപേക്ഷ.
10) സർക്കാർ ഉത്തരവ് ( സാധാ) നമ്പർ 732/2017/ഐ.ഡി തീയതി 21-05-17.
11) 26-06-18 ലെ DLAC മീറ്റിംഗിന്റെ നടപടിക്രമം.
12) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/2013-ാം നമ്പർ സർക്കുലർ.

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പുവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/3 ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലം ശ്രീ പി.എസ് ജോസ്, പനന്താനത്ത്, മനോരമ, കോട്ടയം എന്ന സംരംഭകന് വി- സ്ട്രാപ്പ് നിർമ്മാണത്തിനായി മെ.ബിജോ റബ്ബേഴ്സ് എന്ന പേരിൽ യൂണിറ്റ് തുടങ്ങുന്നതിനായി മേൽ സൂചന (5) പ്രകാരം അനുവദിച്ചു നൽകിയിരുന്നു. തുടർന്ന് ശ്രീ. പി.എസ് ജോസിന്റെ അപേക്ഷ പരിഗണിച്ച് ശ്രീ.ടി.പി ഫിലിപ്പ്, ശ്രീമതി ഗ്രേസി ഫിലിപ്പ്, തെക്കേനീലേട്ട്, കീഴുക്കുന്ന്, കോട്ടയം. ശ്രീ.പി.എസ് ജോസ് എന്നിവർ പാർട്ട്ണർമാരായി സ്ഥാപനത്തിന്റെ മാനേജ്മെന്റ് ഘടനയിൽ മാറ്റം വരുത്തുന്നതിന് സൂചന (6) പ്രകാരം അംഗീകാരം നൽകുകയുണ്ടായി. മെ. ബിജോ റബ്ബേഴ്സിന്റെ ആക്ടിവിറ്റിയിൽ വി സ്ട്രാപ്പ് നിർമ്മാണം കൂടാതെ റബ്ബർ മോൾഡഡ് ഗുഡ്സിന്റെ ഉൽപ്പാദനം കൂടി ഉൾപ്പെടുത്തി 20-04-16 ലെ നടപടി ക്രമത്തിൽ ഭേദഗതി വരുത്തി സൂചന (7) പ്രകാരം ഉത്തരവാകുകയും സൂചന (8) പ്രകാരം സ്ഥാപനത്തിന്റെ പേര് മെ. നൈസ് റബ്ബർ ഇൻഡസ്ട്രീസ് എന്നാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

15-09-17 ൽ ഉണ്ടാക്കിയ പാർട്ട്ണർഷിപ്പ്ഡീഡ് പ്രകാരം ആരോഗ്യപരവും സാമ്പത്തിക പരവുമായ കാരണങ്ങളാൽ ശ്രീ.പി.എസ് ജോസ് പാർട്ട്ണർഷിപ്പിൽ നിന്നും പിരിഞ്ഞതായും ടിയാനെ വിടുതൽ ചെയ്തും ശ്രീ.ടി.പി ഫിലിപ്പ്, ശ്രീമതി ഗ്രേസി ഫിലിപ്പ് എന്നിവർ പാർട്ട്ണർമാരായി തുടർന്നുകൊണ്ടും സ്ഥാപനത്തിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതിന് ആവശ്യമായ രേഖകൾ സഹിതം മാനേജിംഗ് പാർട്ട്ണറായ ശ്രീ.ടി.പി ഫിലിപ്പ് സൂചന (9) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. സ്ഥാപനത്തിന് സർക്കാരിലേയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേയോ ബാദ്ധ്യതകൾ ഒന്നും നിലവിലില്ല. ഇതു സംബന്ധിച്ച് സത്യവാങ്മൂലം സമർപ്പിക്കുകയും സ്ഥലവില വ്യത്യാസമായി അടയ്ക്കേണ്ടതുള്ള മുഴുവൻ തുകയും അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

26-06-18 ൽ ചേർന്ന ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി അപേക്ഷ പരിഗണിക്കുകയും സ്ഥലവും സ്ഥാപനവും മാനേജിംഗ് പാർട്ണറായ ശ്രീ.ടി.പി ഫിലിപ്പിന്റെ പേർക്ക് റീ അലോട്ട് ചെയ്ത് ഉത്തരവ് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. സൂചന (12) പ്രകാരം ഡി.എ/ഡി.പി കളിലെ അസൈൻമെന്റ് ലഭിക്കാത്ത ഭൂമിയുടെ കൈമാറ്റം, ഘടനാമാറ്റം എന്നിവയ്ക്ക് അംഗീകാരം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പുവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/3 ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന മെ. ഫൈൻ റബ്ബർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ പാർട്ണർഷിപ്പിൽ നിന്നുമുള്ള ശ്രീ.പി.എസ് ജോസിന്റെ വിരമിക്കലിന് അംഗീകാരം നൽകി ടി 10 സെന്റ് സ്ഥലവും സ്ഥാപനവും ശ്രീ.ടി.പി ഫിലിപ്പ്, തെക്കേനീലേട്ട്, കീഴുക്കുന്ന്, കോട്ടയം, ശ്രീമതി ഗ്രേസി ഫിലിപ്പ്, തെക്കേനീലേട്ട്, കീഴുക്കുന്ന്, കോട്ടയം പേർക്ക് സൂചനയിൽ പറയുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ പറയുന്ന നിബന്ധനകളോടെ റീ അലോട്ട് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

1) ശ്രീ. ടി.പി ഫിലിപ്പ്, മാനേജിംഗ് പാർട്ണർ സ്ഥലവിലയുടെ 10% തുക പ്രോസസിംഗ് ഫീസ് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.
2) സർക്കാരുമായുള്ള പുതിയ ഹയർ പർച്ചേസ് എഗ്രിമെന്റ് ഒരുമാസത്തിനകം പാർട്ണർമാർ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
3) അടുത്ത 5 വർഷത്തിനുള്ളിൽ ആക്ടിവിറ്റി/മാനേജ്മെന്റ്/ കൈമാറ്റം/ പേരുമാറ്റം എന്നിവയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതല്ല എന്ന സത്യവാങ്മൂലം പാർട്ണർമാർ സമർപ്പിക്കേണ്ടതാണ്.

ഓഫീസിലെ ലാന്റ് അലോട്ട്മെന്റ് സംബന്ധിച്ച രജിസ്റ്ററിൽ ഇത് സംബന്ധിച്ചുള്ള മാറ്റം വരുത്തുന്നതാണ്.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-

1) ശ്രീ. റ്റി.പി ഫിലിപ്പ്, തെക്കേനീലേട്ട്, കീഴുക്കുന്ന്, കോട്ടയം
2) ശ്രീമതി ഗ്രേസി ഫിലിപ്പ്, തെക്കേനീലേട്ട്, കീഴുക്കുന്ന്, കോട്ടയം.
3) ശ്രീ.പി.എസ് ജോസ്, പനന്താനത്ത് ഹൗസ്, മനോരമ, കോട്ടയം

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്
5) എസ്റ്റേറ്റ് ആഫീസർ (അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II)
6) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)